"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 05.12.2024-ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.9 നമ്പർ തീരുമാനം - വയനാട് ലിറ്റററി ഫൗണ്ടേഷൻ & ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 2024 ഡിസംബർ 29, 30, 31 തീയതികളിലായി സാഹിത്യ ഉത്സവം സംഘടിപ്പിക്കുന്നതിന് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം ലഭിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2540/2024/LSGD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം:-
1. വയനാട് ജില്ലാ ആസൂത്രണ സമിതിയുടെ 07.03.2024-ലെ യോഗത്തിന്റെ മിനുട്സ്
2. 05.12.2024 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.9 നമ്പർ തീരുമാനം

**ഉത്തരവ്**

വയനാട് ലിറ്റററി ഫൗണ്ടേഷൻ & ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 2024 ഡിസംബർ 29, 30, 31 തീയതികളിലായി സാഹിത്യ ഉത്സവം സംഘടിപ്പിക്കാനും, ഇതിന്റെ ഭാഗമായി കലാ-സാംസ്കാരിക-സാഹിത്യ പരിപാടികൾ, പ്രദർശനങ്ങൾ, കർഷകരുടെയും സ്വയംസഹായ സംഘങ്ങളുടെയും ഉല്പന്നങ്ങളുടെ വിപണനമേള, ജില്ലയിലെ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവാർഡ്, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാതൃകാ പ്രോജക്ടുകളുടെ അവതരണം എന്നീ പരിപാടികൾ കൂടി നടത്താനും ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ, ഏകദേശം 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പരിപാടിയ്ക്കായി, താഴെപറയും പ്രകാരം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം ശേഖരിക്കുന്നതിന് അനുമതിക്കായി വയനാട് ജില്ലാ ആസൂത്രണ സമിതിയുടെ ശിപാർശ സഹിതം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി.

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 50,000 രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്തുകൾ | 1,00,000 രൂപ വീതം |
| നഗരസഭകൾ | 3,00,000 രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | 3,00,000 രൂപ |

2. പ്രസ്തുത ആവശ്യം പരിഗണിച്ച കോഓർഡിനേഷൻ കമ്മിറ്റി, പരാമർശം (2) തീരുമാനം

പ്രകാരം വയനാട് ജില്ലയുടെ ഇപ്പോഴത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് ഈ വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകാനും CSR/സംഭാവന പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്നും നിർദേശം നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ, വയനാട് ലിറ്ററി ഫൗണ്ടേഷൻ & ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 2024 ഡിസംബർ 29, 30, 31 തീയതികളിലായി സംഘടിപ്പിക്കുന്ന സാഹിത്യ ഉത്സവത്തിനായി, മേൽ പട്ടിക പ്രകാരം, വയനാട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം ശേഖരിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനായി CSR ഫണ്ട്/സംഭാവന പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ് വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 27-12-2024 11:55:59
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്